# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂലൈ 07**<br>**JULY 07** | **2018** |

***1193 മിഥുനം 23 ശനി***

# പത്രക്കുറിപ്പ്



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


## ശബരിമല സ്വച്ഛ് ഐക്കോണിക് പ്ലേയ്സ്: പ്രവർത്തനം മൂന്ന് ഘട്ടങ്ങളിലായി

ശബരിമലയെ സ്വച്ഛ് ഐക്കോണിക് പ്ലേയ്സാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലായി ഏറ്റെടുത്ത് പൂർത്തിയാക്കും. പദ്ധതി പ്രവർത്തനത്തിന് ആവശ്യമായ 100 കോടി രൂപയുടെ താത്ക്കാലിക എസ്റ്റിമേറ്റ് കേന്ദ്ര കുടിവെള്ള, ശുചിത്വ മന്ത്രാലയത്തിന് കൈമാറി. ഹൈദരാബാദിൽ നടന്ന ഇതുസംബന്ധിച്ച യോഗത്തിലാണ് ജില്ലാ കളക്ടർ പി.ബി.നൂഹ് താത്ക്കാലിക എസ്റ്റിമേറ്റ് കൈമാറിയത്. മൂന്ന് വർഷം കൊണ്ട് മൂന്ന് ഘട്ടങ്ങളിലായി ശബരിമലയെ ശുചിത്വ മാതൃകാ സ്ഥലമാക്കി മാറ്റാനാണ് ശ്രമം.

കേന്ദ്ര കുടിവെള്ള, ശുചീകരണ മന്ത്രാലയത്തിന്റെ സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി രാജ്യത്തെ 100 പ്രധാന കേന്ദ്രങ്ങളെ സ്വച്ഛ് ഐക്കോണിക് സ്ഥലങ്ങളായി മാറ്റുന്നതിന് തീരുമാനിച്ചിരുന്നു. പൈതൃകപരമായും മതപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള രാജ്യത്തെ പ്രധാന കേന്ദ്രങ്ങളെയാണ് സ്വച്ഛ് ഐക്കോണിക് പ്ലെയ്സുകളാക്കി മാറ്റുന്നത്. ഓരോ ഘട്ടത്തിലായി പത്ത് കേന്ദ്രങ്ങളെ വീതമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ മൂന്നാം ഘട്ടത്തിൽ ആണ് ശബരിമലയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ രാജസ്ഥാനിലെ അജ്മീർ ദർഗ, മുംബൈ സി.എസ്.റ്റി, പഞ്ചാബിലെ സുവർണ ക്ഷേത്രം, ആസാമിലെ കാമാക്യ ക്ഷേത്രം, ഉത്തർപ്രദേശിലെ മൈകർണികാഘട്ട്, തമിഴ്നാട്ടിലെ മീനാക്ഷി ക്ഷേത്രം, കാഷ്മീരിലെ വൈഷ്ണവദേവീക്ഷേത്രം, ഒറീസിയിലെ ജഗന്നാഥ ക്ഷേത്രം, ആഗ്രയിലെ താജ്മഹൽ, ഉത്തരാഘണ്ടിലെ ഗംഗോത്രി എന്നിവയാണ് സ്വച്ഛ് ഐക്കോണിക് കേന്ദ്രങ്ങളാക്കി മാറ്റിയത്. രണ്ടാം ഘട്ടത്തിൽ ഉത്തരാഘണ്ഡിലെ യമുനോത്രി, മധ്യപ്രദേശിലെ

മഹാകാളേശ്വര ക്ഷേത്രം, തെലുങ്കാനയിലെ ചാർമിനാർ, ഗോവയിലെ സെന്റ് ഫ്രാൻസിസ് ചർച്ച്, കേരളത്തിലെ ആദിശങ്കര ജന്മസ്ഥലം, കർണാടകത്തിലെ ഗോമതേശ്വർ, ജാർഖണ്ഡിലെ ബേജാനാഥ്, ബീഹാറിലെ തീർഥ്ഗയ, ഗുജറാത്തിലെ സോമനാഥക്ഷേത്രം എന്നിവയാണ് രണ്ടാം ഘട്ടത്തിൽ സ്വച്ഛ് ഐക്കോണിക് പ്ലേയ്സുകളാക്കാൻ തീരുമാനമെടുത്തിട്ടുള്ളത്.

പദ്ധതിയുടെ മൂന്നാം ഘട്ടത്തിലാണ് ശബരിമലയെ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര നഗരവികസന മന്ത്രാലയം, ടൂറിസം മന്ത്രാലയം, സാംസ്കാരിക മന്ത്രാലയം എന്നിവയുടെ സഹകരണത്തോടെയാണ് കേന്ദ്ര കുടിവെള്ള, ശുചീകരണ മന്ത്രാലയം പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്കുവേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകുന്നത് പൊതുമേഖലാ എണ്ണക്കമ്പനികൾ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ തുടങ്ങി വിവിധ പൊതുമേഖലാ സ്ഥാപനങ്ങളാണ്.

മൂന്നാം ഘട്ടത്തിൽ സ്വച്ഛ് ഭാരത് ഐക്കോണിക് പ്ലെയ്സായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശബരിമലയിൽ പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ ഭരണകൂടം പ്രാഥമികനടപടികൾ ആരംഭിച്ചു. വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന് വിശദമായ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് തീരുമാനിച്ചു. ശബരിമലയിലെയും അനുബന്ധ സ്ഥലങ്ങളിലെയും ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ച് ശുചിത്വപൂർണമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഉതകുന്ന രീതിയിലായിരിക്കും പദ്ധതി നടപ്പിലാക്കുക. ദേവസ്വം ബോർഡ്, വനംവകുപ്പ്, തദ്ദേശഭരണ വകുപ്പ് എന്നിവയുടെ പൂർണസഹകരണത്തോടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിലായിരിക്കും പദ്ധതി നടപ്പാക്കുക.

പ്രതിവർഷം രണ്ട് മുതൽ മൂന്ന് കോടി വരെ തീർത്ഥാടകർ ശബരിമലയിൽ എത്തുന്നതായാണ് കണക്കുകൾ. ശബരിമലയിൽ കൂടുതൽ തീർത്ഥാടകർ എത്തിച്ചേരുന്നത് കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് . തീർത്ഥാടകർ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഒരേ സമയം ജില്ലയിൽ എത്തുന്നതിനാൽ ആവശ്യമായ ടോയ്‌ലറ്റ് സംവിധാനങ്ങൾ, മാലിന്യസംസ്കരണ പ്ലാന്റുകൾ, ശുദ്ധജല ലഭ്യത, നദീ സുരക്ഷ, പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം എന്നീ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് ശബരിമലയെ സ്വച്ഛ് ഐക്കോണിക് പ്ലെയ്സ് ആക്കാനുള്ള പ്രവർത്തനം നടത്തുക. നിലവിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങിലുള്ള ശൗചാലയങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുകയും പദ്ധതിയുടെ ഭാഗമായി പ്രധാന കേന്ദ്രങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായി ആവശ്യത്തിന് ശൗചാലയങ്ങൾ പുതുതായി നിർമ്മിക്കുകയും പദ്ധതിയിലെ പ്രധാന ഇനമായിരിക്കും. നിലയ്ക്കൽ, എരുമേലി, അഴുതക്കടവ്, പമ്പാവാലി, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, പന്തളം, ആറന്മുള, പുനലൂർ, പത്തനംതിട്ട, റാന്നി, കോന്നി, കുമളി, കുമളി സത്രം, കൊട്ടാരക്കര, വടശ്ശേരിക്കര, റാന്നി പെരുനാട്, ളാഹ, ആങ്ങമൂഴി,അഴുത, അഴുതക്കടവ് മുതൽ ചെറിയാനവട്ടം വരെയുള്ള കാനനപാതകളിലും പമ്പയിലും സന്നിധാനത്തും ആണ് പുതിയ ശൗചാലയങ്ങൾ നിർമ്മിക്കാൻ പദ്ധതിയുള്ളത്.

പദ്ധതിയിലുൾപ്പെടുത്തി അനുയോജ്യമായ സ്ഥലങ്ങളിൽ ബയോടോയ്‌ലറ്റുകളും സ്ഥാപിക്കും. മാലിന്യ നിർമാർജനത്തിനായി സന്നിധാനത്തും പമ്പയിലും അഞ്ച് എംഎൽഡി ശേഷിയു ള്ള രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും നിലയ്ക്കലിൽ ഒരു എംഎൽഡിയുടെ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കും. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മിഷൻ ഗ്രീൻ ശബരിമല, ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളും സംയുക്തമായി നടത്തുന്ന പുണ്യം പൂങ്കാവനം തുടങ്ങിയ പരിപാടികളുമായി സംയോജിപ്പിച്ചുകൊണ്ടായിരിക്കും സ്വച്ഛ് ഐക്കോണിക് പദ്ധതി നടപ്പാക്കുക.

(പിഎൻപി 1815/18)

## സ്കൂൾ പരിസരങ്ങളിൽ കർശന നിരീക്ഷണവുമായി പോലീസ്

ജില്ലയിലെ സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കി പോലീസ്. പുതിയ അധ്യയന വർഷം ആരംഭിച്ചതോടെയാണ് സ്കൂൾ വിദ്യാർത്ഥികളുടെ സംരക്ഷണത്തിന് ജില്ലയിലെ പൊലീസ് സേന രംഗത്തെത്തിയത്. രാവിലെയും വൈകുന്നേരവും ജില്ലയിലെ എല്ലാ സ്കൂൾ പരിസരത്തും പോലീസുകാർ ഇപ്പോൾ ഡ്യൂട്ടിയിലുണ്ട്. സ്കൂളിന് സമീപത്തെ ട്രാഫിക് നിയന്ത്രണം, സുരക്ഷിതമായി വിദ്യാർത്ഥികളെ റോഡ് മുറിച്ച് കടത്തൽ തുടങ്ങി പൂവാല ശല്യം ഒഴിവാക്കുക, ലഹരി വ്യാപനം കുറയ്ക്കുക, സ്കൂൾ പരിസരങ്ങളിലുണ്ടാകുന്ന സാമൂഹ്യവിരുദ്ധ ശല്യം ഒഴിവാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അധ്യയന ദിവസങ്ങളിൽ രാവിലെയും വൈകിട്ടും എല്ലാ പ്രധാന സ്കൂളുകളുടെയും പരിസരങ്ങളിൽ പോലീസിന്റെ സാന്നിധ്യം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം പൂവാലശല്യം, ലഹരിഉത്പന്നങ്ങളുടെ വിപണനം എന്നിവയ്ക്ക് സ്കൂൾ പരിസരങ്ങളിൽ വലിയ കുറവുണ്ടായിട്ടുണ്ട്.

കുട്ടികളെ സ്കൂളിലേക്കെത്തിക്കുന്ന വാഹനങ്ങളുടെ സുരക്ഷിതത്വവും ഡ്യൂട്ടിയിലുള്ള പോലീസുകാർ നിരീക്ഷിക്കുന്നുണ്ട്. സ്വകാര്യ ബസുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഏതെങ്കിലും വിധത്തിൽ ശല്യമുണ്ടായാൽ ഉടൻ ഡ്യൂട്ടിയിലുള്ള പോലീസുകാർ കൺട്രോൾ റൂമുകളിൽ വിവരം അറിയിക്കും. വിദ്യാർഥികളോട് മോശമായി പെരുമാറുന്ന സ്വകാര്യ ബസുകളിലെ ജീവനക്കാരെ പ്രത്യേകമായി നിരീക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളോട് മോശമായി പെരുമാറുകയോ, മദ്യപിച്ച് വാഹനമോടിക്കുകയോ, കൺസഷനുള്ള വിദ്യാർത്ഥികൾക്ക് സീറ്റ് നൽകാതെ നിർത്തി യാത്ര ചെയ്യിപ്പിക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കും. സ്കൂൾ പരിസരത്ത് മദ്യപിച്ചെത്തുന്നവർക്കെതിരേയും, ലഹരിവസ്തുക്കൾ വിൽക്കുന്നവർക്കെതിരെയും നടപടിയെടുക്കും. അകാരണമായി സ്കൂൾ പരിസരത്ത് കറങ്ങി നടക്കുന്നവരും ഇനി പോലീസിന്റെ പിടിയിലാകും.

സ്കൂളിൽ കയറാതെ പാർക്കുകളിലും തിയറ്ററുകളിലും കറങ്ങിനടക്കുന്ന വിദ്യാർഥികളും ഇനി പോലീസിന്റെ വലയിൽ കുടുങ്ങും. ഇത്തരത്തിൽ യൂണിഫോമുകളിലോ അല്ലാതെയോ വിദ്യാർഥികളെ കണ്ടാൽ വിവരങ്ങൾ പോലീസ് ശേഖരിച്ച് ബന്ധപ്പെട്ട സ്കൂളുകളിലും രക്ഷിതാക്കളെയും അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളിൽ പോകാതെ കറങ്ങി നടന്ന് ലഹരിവസ്തുക്കൾക്ക് അടിമപ്പെടുകയും പ്രണയചതിക്കുഴികളിൽ വീഴുകയും ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം ജില്ലയിൽ കൂടിയ സാഹചര്യത്തിലാണ് ഇത്തരമൊരു പദ്ധതിയുമായി ജില്ലയിലെ പൊലീസ് രംഗത്തിറങ്ങിയിട്ടുള്ളത്. സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണം മുന്നിൽ കണ്ട് പ്രവർത്തിക്കുന്ന പിങ്ക് പൊലീസിന്റെ സഹായവും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, എൻസിസി എന്നീ വിഭാഗങ്ങളുടെ സഹകരണവും പദ്ധതി നടത്തിപ്പിൽ പൊലീസിന് സഹായമാകുന്നുണ്ട്. (പിഎൻപി 1816/18)

## ബി.ടെക് എൻആർഐ സ്പോട്ട് അഡ്മിഷൻ

അടൂർ ഐഎച്ച്ആർഡി എൻജിനീയറിംഗ് കോളേജിൽ ബി.ടെക് എൻആർഐ സീറ്റിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് ബ്രാഞ്ചുകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ മാസം 10ന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ എത്തണം. ഫോൺ: 04734 231995, 230640.

(പിഎൻപി 1817/18)

## ആസൂത്രണ സമിതിയോഗം

ജില്ലാ ആസൂത്രണ സമിതിയോഗം ഈ മാസം 16ന് ഉച്ചയ്ക്ക് രണ്ടിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 1818/18)

## റീടെൻഡർ

കോന്നി അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിന്റെ ആവശ്യത്തിലേക്ക് വാഹനം വാടകയ്ക്ക് നൽകുന്നതിന് ഈ മാസം 13 വരെ ടെൻഡർ നൽകാം. ഫോൺ: 0468 2333037. (പിഎൻപി 1819/18)

## കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ രാജ്യത്തിന് മാതൃക

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ ഇന്ത്യയിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് അന്തർദേശീയ സഹകരണ ദിനത്തോടനുബന്ധിച്ചുള്ള സഹകരണ സെമിനാർ വിലയിരുത്തി. സഹകാരികളുടെ നിസ്സീമമായ പ്രവർത്തനമാണ് വികസിത രാജ്യങ്ങളോട് കിടപിടിയ്ക്കുന്ന രീതിയിലുള്ള വളർച്ചയിലേയ്ക്ക് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ എത്തിച്ചത്. സഹകരണ സംഘങ്ങൾക്ക് കീഴിലുള്ള വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അടിത്തറ പാകാൻ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചതായും സെമിനാർ വിലയിരുത്തി.

പിഎസിഎസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ജെ അജയകുമാർ ജില്ലാ സഹകരണ ബാങ്ക് ഹാളിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ജോയിന്റ് രജിസ്ട്രാർ (ജനറൽ) പി.ജെ അബ്ദുൾ ഗഫാർ അദ്ധ്യക്ഷത വഹിച്ചു. ഈ വർഷത്തെ അന്തർദേശീയ സഹകരണ ദിനത്തിന്റെ മുഖ്യപ്രമേയങ്ങളായ സുസ്ഥിര സമൂഹം സഹകരണത്തിലൂടെ, പരിസ്ഥിതി സംരക്ഷണം സഹകരണത്തിലൂടെ എന്നീ വിഷയങ്ങളിൽ കണ്ണൂർ ഐസിഎം ഫാക്കൽറ്റി ഡീൻ വി.എൽ ബാബു, റാന്നി ഡിഎഫ്ഒ എം. ഉണ്ണികൃഷ്ണൻ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. അസിസ്റ്റന്റ് രജിസ്ട്രാർ (എസ്‌സി, എസ്ടി) ജി. അനിരുദ്ധൻ, ജില്ലാ അർബൻ സഹകരണ സംഘം പ്രസിഡന്റ് പി. മോഹൻരാജ്, പിഎസിഎസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി മത്തായി ചാക്കോ, ഇരവിപേരൂർ എസ്‌സിബി പ്രസിഡന്റ് ജി. അജയകുമാർ, കൊടുമൺ ഫിനാൻഷ്യൽ സിഎസ് പ്രസിഡന്റ് എ.എൻ സലീം, മല്ലപ്പള്ളി എസ്‌സിബി പ്രസിഡന്റ് ജേക്കബ് ജോർജ്, കോന്നി പിസിഎആർഡിബി പ്രസിഡന്റ് എസ്.വി പ്രസന്നകുമാർ, ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം പ്രസിഡന്റ് എസ്. ലക്ഷ്മീദേവി, പിഡിസിഡി ജനറൽ മാനേജർ ടി.കെ റോയി, റാന്നി എസ്‌സിബി പ്രസിഡന്റ് ടി.എൻ ശിവൻക്കുട്ടി പഴകുളം പടിഞ്ഞാറ് എസ്‌സിബി പ്രസിഡന്റ് ആർ സുരേഷ്, കോ ഓപ്പറേറ്റീവ് എംപ്ലോയ്സ് യൂണിയൻ ജില്ലാ സെക്രട്ടറി പി.ജി ഗോപകുമാർ, കോ ഓപ്പറേറ്റീവ് എംപ്ലോയ്സ് ഫ്രണ്ട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് സി.തുളസീധരൻപിള്ള തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1820/18)

## ധനസഹായവിതരണം നടത്തി

കലഞ്ഞൂർ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായ വിതരണം നടന്നു. സംസ്ഥാനപ്ലാനിംഗ് ബോർഡ് അംഗം കെ.എൻ ഹരിലാൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എം. മനോജ്കുമാർ അധ്യക്ഷത വഹിച്ചു. ആകെ 94 കുടുംബങ്ങൾക്ക് രണ്ട് ലക്ഷത്തി അൻപത്തി അയ്യായിരം രൂപയാണ് വിതരണം ചെയ്തത്. തൊഴിലുറപ്പ് തൊഴിലാളികൾ അവരുടെ ഒരു ദിവസത്തെ വേതനം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തിരുന്നു.

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ യോഗത്തിൽ അനുമോദിച്ചു. ജില്ലാ പഞ്ചായത്തംഗങ്ങളായ ആർ.ബി രാജീവ് കുമാർ, ബിനിലാൽ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ജ്യോതിശ്രീ, പഞ്ചായത്ത് സെക്രട്ടറി ടി.എസ് സജീഷ് തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1821/18)

## കോഴഞ്ചേരി പാലത്തിന് സി കേശവന്റെ പേര് നൽകും : മന്ത്രി ജി സുധാകരൻ

പുതുതായി നിർമിക്കുന്ന കോഴഞ്ചേരി പാലത്തിന് മുൻതിരുകൊച്ചി മുഖ്യമന്ത്രിയും സാമൂഹിക പരിഷ്കർത്താവുമായ സി കേശവന്റെ പേര് നൽകുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി ജി സുധാകരൻ പറഞ്ഞു. പാലത്തിന്റെ നിർമാണോദ്ഘാടനം കോഴഞ്ചേരി വഞ്ചിപ്പേട്ടയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. സി കേശവന്റെ പേര് നൽകുന്ന കാര്യം എംപിയോടും എംഎൽഎയോടും ചർച്ച ചെയ്തിരുന്നു. സർക്കാർ ഇക്കാര്യത്തിൽ തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞെന്നും മന്ത്രി കൂട്ടിച്ചേർത്തു. പഴയ പാലം സംരക്ഷിച്ച് നിലനിർത്തുമെന്നും മന്ത്രി പറഞ്ഞു.

നിർമാണത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറല്ല. സർക്കാരിന്റെ സത്പേരിന് കളങ്കം വരുത്തുന്ന നിർവഹണ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കും. നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുകയും ഗുണമേൻമയിൽ കൃത്യത ഉറപ്പു വരുത്തകയും ചെയ്യണമെന്നും മന്ത്രി ഉദ്യോഗസ്ഥരോട് നിർദേശിച്ചു. കേരളത്തിൽ ഗുണപരമായ നിർമാണ സംസ്കാരം ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ടെന്നും ഇത് വികസനത്തിന് ഏറെ ഗുണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. കോഴഞ്ചേരി പാലം യാഥാർഥ്യമാകുന്നതോടെ മാരാമൺ, ചെറുകോൽപ്പുഴ കൺവൻഷനുകൾ പോലുള്ള വലിയ തിരക്കുള്ള സമയങ്ങളിൽ പോലും കോഴഞ്ചേരിയിൽ ഗതാഗതക്കുരുക്ക് ഉണ്ടാകില്ല. ജനങ്ങളുടെ ചിരകാല ആവശ്യമാണ് ഈ പുതിയ പാലത്തിലൂടെ യാഥാർഥ്യമാകുന്നതെന്നും മന്ത്രി പറഞ്ഞു.

വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ള ആറൻമുള നിയോജക മണ്ഡലത്തിൽ മാത്രം 300 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് അനുവദിച്ചു തന്നുവെന്നും സംസ്ഥാന സർക്കാരിന്റെ വികസന ആഭിമുഖ്യമാണ് ഇത് വെളിവാക്കുന്നതെന്നും എംഎൽഎ പറഞ്ഞു.

ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ബി സത്യൻ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാ മാത്യുസ്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസി ക്രിസ്റ്റഫർ, കോയിപ്രം ബ്ലോക്ക് പഞ്ചായത്തംഗം കൃഷ്ണകുമാർ, കോഴഞ്ചേരി ഗ്രാമപഞ്ചായത്തംഗം പ്രകാശ് കുമാർ, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തംഗം ഗോപാലകൃഷ്ണൻ നായർ, കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എൻജിനീയർ വി.വി.ബിനു, സൂപ്രണ്ടിങ് എൻജിനിയർ വിശ്വപ്രകാശ്, എക്സിക്യൂട്ടീവ് എൻജിനീയർ ആർ അനിൽകുമാർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു.

തിരുവല്ല- കുമ്പഴ സംസ്ഥാന പാതയിൽ പമ്പയാറിന് കുറുകെയാണ് പാലം നിർമിക്കുന്നത്. ആകെ 207.2 നീളവും 12 മീറ്റർ വീതിയും ഉള്ള പാലത്തിന് ഇരു വശങ്ങളിലും നടപ്പാതയും ഉണ്ടായിരിക്കും. 7.5 മീറ്റ ർ കാര്യേജ് വേയും ഇരുവശങ്ങളിലും 1.125 മീറ്റ ർ വീതിയുമുള്ള നടപ്പാതയുമടക്കമാണ് 12 മീറ്റർ വീതി. കൂടാതെ തോട്ടപ്പുഴശ്ശേരി ഭാഗത്ത് 344 മീറ്റർ നീളത്തിലും കോഴഞ്ചേരി ഭാഗത്ത് 90 മീറ്റർ നീളത്തിലും അപ്രോച്ച് റോഡ് നിർമിക്കും. കിഫ്ബിയിൽപ്പെടുത്തിയാണ് പാലത്തിന്റെ നിർമാണത്തിന് 19.77 കോടി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള കോഴഞ്ചേരി പാലത്തിന്റെ അതേ മാതൃകയിലാണ് പുതിയ പാലവുംനിർമിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ബിഎം ആൻഡ് ബിസി വർക്കും സംരക്ഷണ ഭിത്തിയും ഉൾപ്പെടുത്തിയാണ് പാലത്തിന്റെ സമീപ പാത വിഭാവനം ചെയ്തിട്ടുള്ളത്. രണ്ട് വർഷത്തിനകം നിർമാണം പൂർത്തീകരിക്കും.

(പിഎൻപി 1822/18)

## പന്തളം – ഓമല്ലൂർ – താഴൂർക്കടവ് റോഡിന്റെ നിർമാണോദ്ഘാടനം മന്ത്രി ജി സുധാകരൻ നിർവഹിച്ചു

ആറന്മുള നിയോജക മണ്ഡലത്തിലെ പന്തളം–ഓമല്ലൂർ–താഴൂർക്കടവ് റോഡിന്റെ നിർമാണോദ്ഘാടനം മന്ത്രി ജി സുധാകരൻ നിർവഹിച്ചു. വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായ കാഴ്ചപ്പാട് വേണമെന്ന് മന്ത്രി പറഞ്ഞു. കേന്ദ്രസർക്കാർ റോഡ് വികസനത്തിനായി വളരെയധികം തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ഇത് ചരിത്രനേട്ടമാണെന്നും മന്ത്രി പറഞ്ഞു. 650 കോടി രൂപയോളമാണ് കേന്ദ്രം റോഡ് വികസനത്തിനായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ റോഡ് നിർമാണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും കൃത്യമായ ഇടപെടൽ ഉണ്ടാവണം. ഇതിന് തയാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. പുതിയകാലം പുതിയ നിർമാണം എന്ന ആപ്തവാക്യത്തിന് അനുഗുണമായ രീതിയിലായിരിക്കണം നിർമാണ പ്രവർത്തനങ്ങൾ നടക്കേണ്ടത്. ശബരിമല തീർഥാടനത്തിന് ഏറെ പ്രയോജനകരമായ ഈ റോഡിന്റെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും. ഉദ്യോഗസ്ഥർ നിർമാണത്തിന്റെ എല്ലാ മേഖലയിലും കൃത്യമായ മേൽനോട്ടം നടത്തണം. പാത കടന്നു പോകുന്ന സ്ഥലങ്ങളിലെ ജനങ്ങൾക്ക് ഒരു തരത്തിലുള്ള ബുദ്ധമിട്ടും ഉണ്ടാക്കാത്ത തരത്തിൽ എല്ലാവർക്കും പ്രയോജനകരമായ രീതിയിലായിരിക്കണം റോഡ് നിർമിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിച്ചു. കുളനട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ ടീച്ചർ, കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കുളനട, ചെന്നീക്കർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാ വിജയൻ, ജില്ലാ പഞ്ചായത്തംഗം വിനീത അനിൽ, ബ്ലോക്ക് പഞ്ചായത്തംഗം രാധാമണി, ഗ്രാമ പഞ്ചായത്തംഗം പോൾ രാജൻ, സൂപ്രണ്ടിങ് എൻജിനിയർ വിശ്വപ്രകാശ്, എക്സിക്യൂട്ടീവ് എൻജിനീയർ ആർ അനിൽകുമാർ, കെ.പി.ഉദയഭാനു, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു.

പന്തളം–ഓമല്ലൂർ റോഡിൽ കുളനട ഭാഗത്ത് നിന്നും ആരംഭിച്ച് ഓമല്ലൂർ വരെയുള്ള 10.97 കിലോമീറ്റർ ദൂരം 7 മീറ്റർ വീതിയിലും 758 മീറ്റർ നീളമുള്ള ഓമല്ലൂർ മാർക്കറ്റ് റോഡ് 5.50 മീറ്റർ വീതിയിലും 3.15 കിലോമീറ്റർ ദൂവരമുള്ള ഓമല്ലൂർ–താഴൂർക്കടവ് റോഡ് 5.50 മീറ്റർ വിതിയിലുമാണ് നിർമിക്കുക. ബി എം ആന്റ് ബി സി സാങ്കേതിക വിദ്യയിലാണ് റോഡുകൾ നിർമിക്കുക. ഒരു വർഷത്തിനകം നിർമാണം പൂർത്തിയാക്കാനാണ് കരാർ വ്യവസ്ഥ. നബാർഡ് ആർഐഡിഎഫ് ഫണ്ടിൽപ്പെടുത്തി 15 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച റോഡിന്റെ നിർമാണ കരാർ 11.85 കോടി രൂപയ്ക്ക് കരിങ്കുറ്റി കൺസ്ട്രക്ഷൻസാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ റോഡിന്റെ നിർമാണം പൂർത്തിയാകുന്നതോടെ പത്തനംതിട്ടയിൽ നിന്നും ചെങ്ങന്നൂരിലേക്കുള്ള യാത്ര സുഗമമാകും. കിഴക്കൻ മലയോര മേഖലയിലുള്ളവർക്ക് ജില്ലാ ആസ്ഥാനത്തെത്താതെ ചെങ്ങന്നൂരിൽ എത്തുന്നതിനുവേണ്ടിയാണ് മുള്ളനിക്കാട് വഴിയുള്ള ഓമല്ലൂർ–വാഴമുട്ടം റോഡുകൂടി ഇതിൽ ഉൾപ്പെടുത്തിയത്. കുളനട, ഉളനാട്, അമ്പലക്കടവ്, മാത്തൂർ ഭാഗങ്ങളിൽ നിന്നും വരുന്നവർക്ക് ഓമല്ലൂർ മാർക്കറ്റിൽ എത്താനുള്ള എളുപ്പവഴിയായി ആര്യഭാരതി ഹൈസ്കൂളിന് മുന്നിലൂടെയുള്ള റോഡും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശബരിമല തീർഥാടകർക്ക് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ എത്തിച്ചേരാനും ഈ റോഡ് സഹായകമാകും. ഒരു വർഷത്തിനുള്ളിൽ നിർമാണം പൂത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(പിഎൻപി 1823/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) കലഞ്ഞൂർ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായ വിതരണം സംസ്ഥാനപ്ലാനിംഗ് ബോർഡ് അംഗം കെ.എൻ ഹരിലാൽ ഉദ്ഘാടനം ചെയ്യുന്നു.
2) കോഴഞ്ചേരിയിൽ നിർമിക്കുന്ന പുതിയപാലത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി ജി സുധാകരൻ നിർവഹിക്കുന്നു.
3) പഴയ കോഴഞ്ചേരിപാലം
4) പന്തളം–ഓമല്ലൂർ–താഴൂർകടവ് റോഡിന്റെ നിർമാണോദ്ഘാടനം മന്ത്രി ജി സുധാകരൻ നിർവഹിക്കുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 07<br>JULY 07 | 2018 |
| --- | --- |

*1193 മിഥുനം 23 ശനി*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**മത്സ്യമാർക്കറ്റിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തി**

സുരക്ഷിതമായ മത്സ്യം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദേശാനുസരണം ജില്ലയിലെ മൊത്തവ്യാപാര മത്സ്യമാർക്കറ്റുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രത്യേക സ്ക്വാഡ് രാത്രിയിൽ പരിശോധന നടത്തി. പന്തളം കടയ്ക്കാട് മാർക്കറ്റ്, കുമ്പഴ മത്സ്യമാർക്കറ്റ് എന്നിവിടങ്ങളിൽ മൊത്തവ്യാപാരത്തിനായി കേരളത്തിനകത്തുനിന്നും പുറത്തുനിന്നും എത്തിയ 22 വാഹനങ്ങളിലെ 32 മത്സ്യ സാമ്പിളുകൾ ക്യുക്ക് ഡിറ്റക്ഷൻ കിറ്റ് ഉപയോഗിച്ച് പരിശോധിച്ചു. പരിശോധനയിൽ ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയില്ല. കഴിഞ്ഞ ദിവസങ്ങളിൽ ജില്ലയിൽ നിന്നും ശേഖരിച്ച മത്സ്യസാമ്പിളുകളും ഐസ്പ്ലാന്റുകളിൽ നിന്നും ശേഖരിച്ച ഐസിന്റെ സാമ്പിളുകളും തിരുവനന്തപുരത്തുള്ള ഗവൺമെന്റ് അനലിറ്റിക്കൽ ലാബിൽ പരിശോധയ്ക്ക് അയച്ചിട്ടുണ്ട്. മത്സ്യത്തിൽ ഫോർമാലിന്റെ അംശം സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയരുന്ന സാഹചര്യത്തിൽ വരും ദിവസങ്ങളിൽ പരിശോധന കർശനമാക്കുമെന്ന് ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.

(പിഎൻപി 1824/18)

**വാഹനം ആവശ്യമുണ്ട്**

ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിന്റെ ആവശ്യത്തിലേക്ക് 6+1 സീറ്റ് സൗകര്യമുള്ള ടാക്സി വാഹനം ഡ്രൈവർ സഹിതം ആവശ്യമുണ്ട്. താത്പര്യമുള്ളവർ ജൂലൈ 12ന് വൈകിട്ട് മൂന്നിന് മുമ്പ് അടൂർ റവന്യു ടവറിൽ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ

മെഡിക്കൽ ഓഫീസിൽ ക്വട്ടേഷൻ നൽകണം. (പിഎൻപി 1825/18)

## പത്തനംതിട്ട റിംഗ് റോഡിൽ ഗതാഗതനിയന്ത്രണം : ആർടിഒ പഠനം നടത്തും

പത്തനംതിട്ടയിലെ ആളുകൾക്ക് സ്വതന്ത്രമായി റിംഗ് റോഡിലൂടെ ഓട്ടം, നടത്തം തുടങ്ങിയ വ്യായാമങ്ങൾ ചെയ്യുന്നതിനും അതുവഴി ആരോഗ്യ ജീവിതം മെച്ചപ്പെടുത്തുന്നതിനും കഴിയുമെന്നതിനാൽ പത്തനംതിട്ട റിംഗ് റോഡിലെ ഗതാഗതം രാവിലെ ഒന്നോ രണ്ടോ മണിക്കൂർ നിയന്ത്രിച്ച് മെയിൻ റോഡിലൂടെയാക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ജില്ലാ കളക്ടർ പി.ബി.നൂഹ് ആർടിഒയെ ചുമതലപ്പെടുത്തി. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ യോഗത്തിലാണ് ഈ നിർദേശം നൽകിയത്. വികസിത യൂറോപ്യൻ രാജ്യങ്ങളിൽ ജനങ്ങൾ വ്യായാമങ്ങളിലൂടെയാണ് ജീവിതശൈലീരോഗങ്ങളിൽ നിന്നും മുക്തിനേടിയിട്ടുള്ളത്. ഈ രീതി പത്തനംതിട്ട നഗരത്തിലെ ജനങ്ങളിലെത്തിക്കുന്നതിന് ഗതാഗതിയന്ത്രണം സഹായിക്കുമെന്ന് കളക്ടർ പറഞ്ഞു. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും ആർടിഒ മുമ്പാകെ നൽകാം. (പിഎൻപി 1826/18)

## ട്രാഫിക് നിയമലംഘനം : ജില്ലയിൽ ജൂൺമാസം 11000 പോലീസ് കേസുകൾ, 93 ലൈസൻസുകൾ സസ്പെൻഡ് ചെയ്തു

ജില്ലയിൽ ട്രാഫിക് നിയമലംഘനങ്ങൾക്ക് ജൂൺ മാസം പോലീസ് രജിസ്റ്റർ ചെയ്തത് 11000 കേസുകൾ. മദ്യപിച്ച് വാഹനം ഓടിക്കൽ, ഹെൽമറ്റ് ധരിക്കാതിരിക്കുക, സീറ്റ് ബൽറ്റ് ധരിക്കാതിരിക്കുക തുടങ്ങി വിവിധ ട്രാഫിക് നിയമലംഘനങ്ങൾക്കാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിവിധ കേസുകളിലായി 93 ഡ്രൈവിംഗ് ലൈസൻസുകൾ ആർടിഒ ജൂൺമാസം സസ്പെൻഡ് ചെയ്തു. യുവാക്കൾ ഇരുചക്ര വാഹനം ഓടിച്ച് അപകടം ഉണ്ടാക്കുന്നത് ജില്ലയിൽ വർദ്ധിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. മെയ്, ജൂൺ മാസങ്ങളിലായി 18 യുവാക്കളാണ് ഇരുചക്രവാഹന അപകടങ്ങളിൽ ജില്ലയിൽ മരണപ്പെട്ടത്. അമിത വേഗം, മദ്യപിച്ച് വാഹനം ഓടിക്കൽ തുടങ്ങിയവ തടയുന്നതിന് പോലീസും മോട്ടോർവാഹന വകുപ്പും കൂടുതൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. (പിഎൻപി 1827/18)

## പനി: 500 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (7) 500 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ മൂന്ന് പേരിൽ ഒരാൾക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 59 പേർ ചികിത്സ തേടി. മൂന്ന് പേർക്ക് ചിക്കൻപോക്സും സ്ഥിരീകരിച്ചു. കടമ്മനിട്ടയിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്.

(പിഎൻപി 1828/18)

## മായം കലർന്ന ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പനയ്ക്കെതിരെ കർശന നടപടി സ്വീകരിക്കണം : താലൂക്ക് വികസന സമിതി

ജില്ലയിൽ വിൽക്കുന്ന മത്സ്യത്തിലും മാംസത്തിലും പച്ചക്കറികളിലും മാരക വിഷം ഉള്ള പദാർഥങ്ങൾ പ്രയോഗിക്കുന്നതിനെതിരെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള സാധനങ്ങളിൽ വൻതോതിൽ മായം കലർത്തി വിൽക്കുന്നതിനെതിരെയും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കോഴഞ്ചേരി താലൂക്ക് വികസന സമിതി പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ആളുകളുടെ ജീവന് ഭീഷണിയാകുന്ന ഇത്തരം നടപടികൾ നടത്തുന്നവരെ നിയമത്തിന് മുന്നി

ൽ കൊണ്ടുവരുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് കർശനമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കണമെന്നും പേരിനുമാത്രം നടത്തുന്ന ഇപ്പോഴത്തെ പരിശോധനകൾക്ക് പകരം സ്ക്വാഡുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് കുറ്റമറ്റരീതിയിൽ പരിശോധന നടത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ യാത്രക്ലേശം രൂക്ഷമായതിനാൽ വിദ്യാർഥികൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമായ രീതിയിൽ കടമ്മനിട്ട വഴി കോഴഞ്ചേരിയിലേക്കും തിരിച്ച് പത്തനംതിട്ടയിലേക്കും രാവിലെയും വൈകിട്ടും വാഹന സൗകര്യം ഏർപ്പെടുത്തണമെന്ന് നാരങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ ആവശ്യപ്പെട്ടു. പത്തനംതിട്ട സ്റ്റേഡിയം ജംഗ്ഷനിലെ കാത്തിരിപ്പ് സ്ഥലം വീണ്ടെടുത്ത് കാത്തിരിപ്പ് കേന്ദ്രം നിർമിക്കണമെന്നും ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ ശേഷി കൂടിയ വാട്ടർ ടാങ്ക് സ്ഥാപിക്കണമെന്നും ടിറ്റി ജോൺസ് കച്ചിറ ആവശ്യപ്പെട്ടു. ചിറക്കാല-ഭഗവതിക്കുന്ന്-ഇലന്തൂർ മാർക്കറ്റ് പിഡബ്ല്യുഡി റോഡ് ശബരിമല തീർഥാടനമായി ബന്ധപ്പെട്ട റോഡുകളിൽ ഉൾപ്പെടുത്തണമെന്നും തേയിലമൺ എസ്റ്റേറ്റിലെ സർവെ നടപടികൾ സംശയാസ്പദമായതിനാൽ സർവെ സൂപ്രണ്ട് വീണ്ടും പരിശോധന നടത്തണമെന്നും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ ആവശ്യപ്പെട്ടു.

തഹസീൽദാർ ബി.ജ്യോതി, ഡെപ്യൂട്ടി തഹസീൽദാർ സി.ഗംഗാധരൻ തമ്പി, താലൂക്ക് വികസന സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1829/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 07<br>JULY 07 | 2018 |
|---|---|

*1193 മിഥുനം 23 ശനി*

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**കേബിൾ നശിപ്പിച്ചവരെ കണ്ടെത്താൻ നിർദേശം**

പത്തനംതിട്ട നഗരത്തിലെ റിംഗ് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള സോഡിയം വേപ്പർ ലാമ്പുകളിലേക്ക് വൈദ്യുതി കണക്ഷൻ നൽകിയിരുന്ന കേബിളുകൾ നശിപ്പിച്ച സാമൂഹ്യ വിരുദ്ധരെ അടിയന്തിരമായി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ പി.ബി നൂഹ് ജില്ലാ പോലീസ് മേധാവിക്ക് നിർദേശം നൽകി. നഗരത്തിലെ വെളിച്ചക്കുറവ് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ നേരത്തെ ജില്ലാ കളക്ടർ നഗരസഭയ്ക്കും വൈദ്യുതി ബോർഡിനും നിർദേശം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് അറ്റകുറ്റപണികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ നല്കിയ പരാതിയുടെ അടിസ്ഥാനത്തിലാണ് അടിയന്തിര നടപടികൾക്ക് കളക്ടർ നിർദേശം നല്കിയത്.

(പിഎൻപി 1830/18)




(അവസാനിച്ചു)